കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വേങ്ങാട് ഗ്രാമപഞ്ചായത്ത് -"സുസ്ഥിര" പ്ലാസ്റ്റിക് മാലിന്യ ശേഖരണ പരിപാടി - തുടർച്ചാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.334/2018/തസ്വഭവ          തിരുവനന്തപുരം, തീയതി, 05.02.2018

വായന :- 1. വേങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.06.2017-ലെ A1-1379/17-ാം നമ്പർ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1701/2018-ലെ 4.47 നമ്പർ തീരുമാനം

<u>ഉത്തരവ്</u>

2014-15 മുതൽ ഗ്രാമപഞ്ചായത്തിൽ 'സുസ്ഥിര' എന്ന പേരിൽ പ്ലാസ്റ്റിക് മാലിന്യ ശേഖരണ പരിപാടി നടപ്പാക്കി വരുന്നുണ്ടെന്നും ദിവസവേതനാടിസ്ഥാനത്തിൽ 5 വാളണ്ടിയർ മുഖേന പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് റീസൈക്ലിംഗ് കേന്ദ്രത്തിൽ എത്തിക്കുന്നതാണ് പ്രവർത്തനമെന്നും ദിവസ വേതനം 250/- രൂപയാണെന്നും ആയത് ഈ വർഷവും തുടരാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിലെ 4.47 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യൂസർ ഫീയിൽ നിന്ന് വേതനം നൽകണമെന്നും തുക തികയാതെ വന്നാൽ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ് എന്ന നിബന്ധനയോടെ പ്രസ്തുത പദ്ധതി ഈ വർഷവും നടപ്പാക്കുന്നതിന് വേങ്ങാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
സെക്രട്ടറി, വേങ്ങാട് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ)യുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(റൂറൽ)യുടെ പി.എയ്ക്ക്

അംഗീകാരത്തോടെ

Chandadevi

സെക്ഷൻ ഓഫീസർ